# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 662** **04/02/2020-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ജോയി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കാമോ; | (എ) | കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാപദ്ധതി മൂന്ന് തലത്തിൽ നിന്ന് രണ്ട് തലത്തിലേക്ക് മാറ്റുന്നതിനു വേണ്ടിയുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ഐ.ഐ.എം ബാംഗ്ലൂരിലെ പ്രൊഫ. എം.എസ്.ശ്രീറാം നേതൃത്വം നൽകിയ കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി 14 ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുകളിൽ ലയിപ്പിച്ച് ഒരു ആധുനിക ബാങ്ക് രൂപീകരിക്കുന്നതിനായി നിർദ്ദേശിച്ച് റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള അനുമതി തേടി പ്രാഥമിക അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 19 നിബന്ധനകളോടെ തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു.<br><br>തത്വത്തിൽ ഉള്ള അംഗീകാരം നൽകുന്ന സമയത്ത് RBI നിർദ്ദേശിച്ച 19 നിബന്ധനകളും പാലിച്ച്, നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ തന്നെ അന്തിമാനുമതിക്കു വേണ്ടിയുള്ള അപേക്ഷയും സമർപ്പിച്ചു. നിബന്ധനകൾ പാലിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ബാങ്കുകളുടെ സംയോജനത്തിനായുള്ള അന്തിമ അനുമതി റിസർവ്വ് ബാങ്ക് നൽകുകയും ചെയ്തു. 13 ജില്ലാ ബാങ്കുകൾ മാത്രമെ നിയമപ്രകാരമുള്ള ലയനപ്രമേയം പാസാക്കിയി- |

| | | | |
|---|---|---|---|
| | | | രുന്നുള്ളൂ. അതിനാൽ 13 ജില്ലാ ബാങ്കുകളെ ലയിപ്പിക്കാനുള്ള അനുമതിയാണ് RBI ലഭ്യമാക്കിയത്.<br><br>RBI യുടെ അനുമതിയുടെ വെളിച്ചത്തിലും, കോടതികളിൽ നിലവിൽ ഉണ്ടായിരുന്ന കേസുകൾ ഹൈക്കോടതി തീർപ്പ് കൽപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും സഹകരണ സംഘം രജിസ്ട്രാറുടെ 29.11.2019-ലെ സി.ബി(5)784/2019 നമ്പർ തീരുമാന പ്രകാരം 13 ജില്ലാ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് ഉത്തരവായി.<br><br>ലയനശേഷമുള്ള ആദ്യപൊതുയോഗം 20.01.2020-ന് ചേർന്ന് ബൈലോ ഭേദഗതി, ദർശന ദൗത്യരേഖകൾ എന്നിവ അംഗീകരിച്ചു. |
| (ബി) | കേരള ബാങ്ക് രൂപീകരിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ച് കൊണ്ട് ഏതെല്ലാം സംഘടനകൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള ബാങ്ക് രൂപീകരിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഹ്രസ്വകാല വായ്പഘടന 3 തലത്തിൽ നിന്നും 2 തലത്തിലേക്ക് മാറ്റുമ്പോഴുള്ള ആശങ്കകൾ പങ്കുവച്ച് കൊണ്ടുള്ള നിവേദനങ്ങളാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.